**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2539** **02-08-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി.യു.പി. അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2019 - ജൂണിൽ പി.എസ്.സി മുഖാന്തരം ജോലിയിൽ പ്രവേശിച്ച എൽ.പി, യു.പി. അദ്ധ്യാപകരുടെ പ്രൊബേഷൻ, റെഗുലറൈസേഷൻ നടപടികൾ എത്ര ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഒരു ജില്ലയിലും പ്രസ്തുത നടപടികൾ പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; റെഗുലറൈസേഷൻ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ; | (ബി) | പി.എസ്.സി മുഖാന്തിരം നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ സേവനപുസ്തകത്തിന്റെ പ്രസക്ത ഭാഗങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം സ്കൂൾ പ്രധാനാദ്ധ്യാപകൻ നിയമനാധികാരിയായ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് അതാത് പി.എസ്.സി ഓഫീസിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. തുടർന്ന് പി.എസ്.സി തീരുമാനിക്കുന്ന സമയക്രമം അനുസരിച്ച് നിയമിക്കപ്പെട്ട അദ്ധ്യാപകർ നേരിട്ട് ഹാജരായി പരിശോധനയ്ക്ക് വിധേയരാകും. തുടർന്ന് പി.എസ്.സി-യിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രത്തിന്റെയും, ജില്ലാ പോലീസ് മേധാവിയിൽ നിന്നും ലഭിക്കുന്ന വെരിഫിക്കേഷൻ -2- റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആണ് റഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കുന്നത്. ഇത് പല ജില്ലകളിലും വ്യത്യസ്തമായ സമയക്രമം അനുസരിച്ചായിരിക്കും നടക്കുന്നത്. മാത്രമല്ല, 2020 മാർച്ച് മാസം മുതൽ കൊവിഡ് 19 മഹാമാരി നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കടുത്ത നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലും, ആയതിന്മേൽ പൂർണ്ണമായ ഇളവുകൾ ലഭിക്കാത്തതിനാലും, കാര്യക്ഷമമായ രീതിയിൽ മേൽ നടപടികൾ പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല. 2019 ജൂൺ മാസം സേവനത്തിൽ പ്രവേശിച്ച പ്രൈമറി അദ്ധ്യാപകർക്ക് 2021 ജൂൺ മാസം മുതൽ മാത്രമേ നിരീക്ഷണകാലം പൂർത്തിയാക്കിയ ഉത്തരവ് നൽകുവാൻ സാധിക്കുകയുള്ളൂ. റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കിയ അദ്ധ്യാപകരുടെ |

| | | | |
|---|---|---|---|
| | | | നിരീക്ഷണകാലം പൂർത്തിയാക്കാനുള്ള അപേക്ഷകൾ സ്ഥാപനമേധാവി മുഖേന നിയമനാധികാരിയായ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ മുൻപാകെ എത്തിച്ചേരുന്ന സമയത്ത് സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഇല്ല എന്ന് ഉറപ്പാക്കി ആയത് അനുവദിച്ച് കൊടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകുന്നതാണ്. |
| (സി) | ഓരോ ജില്ലയിലും ഏത് തീയതിവരെ നിയമന ഉത്തരവ് ലഭിച്ച അദ്ധ്യാപകരുടെ പ്രൊബേഷൻ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; ജില്ല തിരിച്ച് വിശദമാക്കാമോ? | (സി) | തിരുവനന്തപുരം- 20.07.2021 വരെ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട് കൊല്ലം- 31.03.2019 വരെയുള്ള നിയമനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളവ തീർപ്പാക്കിയിട്ടുണ്ട്. പത്തനംതിട്ട- 2019 ജൂണിൽ സേവനത്തിൽ പ്രവേശിച്ചവരുടെ നീരിക്ഷണ കാലയളവ് പൂർത്തിയാക്കി ഉത്തരവ് നൽകുന്ന നടപടി പൂർത്തികരിച്ചിട്ടില്ല. ആലപ്പുഴ- 08.11.2018 വരെ നിയമന ഉത്തരവ് നൽകിയവരുടെ തുടർനടപടികൾ പൂർത്തികരിച്ച് നൽകിയിട്ടുണ്ട്. കോട്ടയം- 28.10.2019 വരെ നിയമന ഉത്തരവ് നൽകിയവരുടെ തുടർനടപടികൾ പൂർത്തികരിച്ച് നൽകിയിട്ടുണ്ട്. ഇടുക്കി- 30.05.2019- ൽ നിയമന ഉത്തരവ് നൽകിയവരിൽ ക്രമ നമ്പർ 13 വരെയുള്ള യു പി സ്കൂൾ അദ്ധ്യാപകരുടെ തുടർനടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. എറണാകുളം- 04.12.2018 വരെയുള്ള തിയതികളിൽ നിയമനം നൽകിയ എൽ പി സ്കൂൾ റ്റീച്ചർമാരുടെയും, 31.08.2018 വരെയുള്ള തിയതികളിൽ നിയമനം നൽകിയ യു പി സ്കൂൾ റ്റീച്ചർമാരുടെയും തുടർനടപടികൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. തൃശ്ശൂർ- പ്രസ്തുത നടപടികൾക്കായി അപേക്ഷ നൽകിയിട്ടുള്ള എല്ലാ അദ്ധ്യാപകരുടെയും തുടർനടപടികൾ പൂർത്തിയാക്കി നൽകിയിട്ടുണ്ട്. പാലക്കാട്- 31.03.2019 വരെയുള്ളവരുടെ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. മലപ്പുറം- 2019 ജൂൺ മാസത്തിൽ -4- നിയമതിരായവരുടെ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. കോഴിക്കോട്- 2018 വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട്- 2019 ജൂൺ മാസം നിയമിതരായവരുടെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ- 2018 വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. കാസറഗോഡ്- 2018 ജൂൺ വരെയുള്ള എല്ലാ നിയമനങ്ങളിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ